# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ ഭാഗം—2

2021 ഒക്ടോബർ 25, തിങ്കളാഴ്ച

**നമ്പർ: 148**

2021 ഒക്ടോബർ 25-ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ 2021 ഒക്ടോബർ 25 മുതലുള്ള സമ്മേളന ദിവസങ്ങളിലെ കാര്യപരിപാടികളിൽ മാറ്റം വരുത്തിയിരിക്കുന്നു.

2021 ഒക്ടോബർ 20-ന് സഭ അംഗീകരിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ 2021 ഒക്ടോബർ 20, 21, 22 തീയതികളിലെ സഭാസമ്മേളനം ഒഴിവാക്കിയ സാഹചര്യത്തിൽ ഒക്ടോബർ 21-ാം തീയതി വ്യാഴാഴ്ച സഭ പരിഗണിക്കാനിരുന്ന ബില്ലുകൾ ഒക്ടോബർ 28-ാം തീയതി വ്യാഴാഴ്ച നിശ്ചയിക്കപ്പെട്ടിട്ടുള്ള ബില്ലുകളുടെ പരിഗണന പൂർത്തിയായതിനു ശേഷം അപരാഹ്ന സമ്മേളനം ചേർന്നുകൊണ്ട് പരിഗണനയ്ക്കെടുക്കുന്നതാണ്. 2021 ഒക്ടോബർ 29-ാം തീയതി വെള്ളിയാഴ്ചയിലെ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായുള്ള സമയം ഗവൺമെന്റ് കാര്യത്തിനായി വിനിയോഗിക്കുന്നതും അതിൻപ്രകാരം 2021 ഒക്ടോബർ 20 ബുധനാഴ്ച സഭ പരിഗണിക്കാനിരുന്ന ബില്ലുകൾ പ്രസ്തുതദിവസം പരിഗണിക്കുന്നതും കാര്യപരിപാടിയുടെ പൂർത്തീകരണത്തിനായി ഉച്ചയ്ക്ക് ശേഷം 2 മണിക്ക് അപരാഹ്നസമ്മേളനം ചേരുന്നതുമാണ്. 2021 ഒക്ടോബർ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട ബില്ലുകളുടെ പരിഗണന സംബന്ധിച്ച് താഴെപ്പറയുന്ന ഭേദഗതികൾ കൂടി വരുത്തിയിരിക്കുന്നു.

(i) 2021 നവംബർ 1, 10 തീയതികളിൽ സഭ പരിഗണിക്കാൻ നിശ്ചയിച്ചിട്ടുള്ള ബില്ലിന്റെ പേര് " 2021-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ" എന്നത് " 2021-ലെ കേരള ചുമട്ടു തൊഴിലാളി (ഭേദഗതി) ബിൽ" എന്ന് മാറ്റിയിരിക്കുന്നു.

(ii) 2021 ഒക്ടോബർ 27-ന് സഭയിൽ അവതരിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുള്ള 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിന്റെ അവതരണത്തിനു ശേഷം ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നതിനു പകരം ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്.

KNPP. 1664/2021.

2021 ഒക്ടോബർ 20, 21, 22 തീയതികളിലെ സഭാ സമ്മേളനം ഒഴിവായതിന്റെ അടിസ്ഥാനത്തിൽ കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം നിശ്ചയിച്ചിരുന്ന ഒക്ടോബർ 25-ാം തീയതി മുതലുള്ള സമ്മേളന ദിവസങ്ങളിലെ ഗവൺമെന്റ് കാര്യങ്ങൾക്കായുള്ള സമയം ചുവടെ ചേർക്കും പ്രകാരം പുനഃക്രമീകരിച്ചിരിക്കുന്നു.

2021 ഒക്ടോബർ 25, തിങ്കൾ

1. 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്ത് വയ്ക്കൽ.

2. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും
(ചർച്ച അവസാനിപ്പിക്കുന്നതാണ്) :

(i) 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

(ii) 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ.

(iii) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ.

(iv) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ.

2021 ഒക്ടോബർ 26, ചൊവ്വ

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും
(ചർച്ച അവസാനിപ്പിക്കുന്നതാണ്) :

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ.

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ.

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ.

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

**2021 ഒക്ടോബർ 27, ബുധൻ**

1. 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

   (ചർച്ച അവസാനിപ്പിക്കുന്നതാണ്)

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

   (ചർച്ച അവസാനിപ്പിക്കുന്നതാണ്) :

   (i) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ.

   (ii) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) (ഭേദഗതി) ബിൽ.

   (iii) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ.

**2021 ഒക്ടോബർ 28, വ്യാഴം**

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

   (ചർച്ച അവസാനിപ്പിക്കുന്നതാണ്) :

   (i) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ.

   (ii) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ( 2-ാം നമ്പർ) ബിൽ.

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

   (ചർച്ച അവസാനിപ്പിക്കുന്നതാണ്) :

   (i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ.

   (ii) 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ.

   (iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ.

   (iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ.

1564/21

| | |
|---|---|
| 2021 ഒക്ടോബർ 29, വെള്ളി | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും (ചർച്ച അവസാനിപ്പിക്കുന്നതാണ്) :<br>(i) 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ.<br>(ii) 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ.<br>(iii) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ. |
| 2021 നവംബർ 1, തിങ്കൾ | താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും (ചർച്ച അവസാനിപ്പിക്കുന്നതാണ്) :<br>(i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.<br>(ii) 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.<br>(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.<br>(iv) 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ.<br>(v) 2021-ലെ കേരള ചുമട്ടു തൊഴിലാളി (ഭേദഗതി) ബിൽ. |
| 2021 നവംബർ 2, ചൊവ്വ | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും (ചർച്ച അവസാനിപ്പിക്കുന്നതാണ്) :<br>(i) 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.<br>(ii) 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ. |

2021 നവംബർ 3, ബുധൻ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്) :

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ.

(ii) 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ.

(iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ.

(iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ.

2021 നവംബർ 8, തിങ്കൾ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്) :

(i) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ.

(ii) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ.

(iii) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ.

(iv) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

(v) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

2021 നവംബർ 9, ചൊവ്വ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്) :

(i) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ.

(ii) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) (ഭേദഗതി) ബിൽ.

(iii) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ.